# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2029

## 16-08-2017 ൽ മറുപടിക്ക്

## കിഫ്ബി നിക്ഷേപം

| ചോദ്യം<br>ശ്രീ. വി.പി.സജീന്ദ്രൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബിയിൽ നിന്നും ജില്ല താലൂക്ക് ജനറൽ ആശുപത്രികൾക്കായി അനുവദിക്കും എന്ന് പ്രഖ്യാപിച്ച രണ്ടായിരം കോടി രൂപയുടെ നിക്ഷേപം നടത്തുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; | 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലെ 101-ാം ഖണ്ഡിക പ്രകാരം മെഡിക്കൽ കോളേജുകൾ, ജനറൽ ആശുപത്രികൾ . താലൂക്ക് ആശുപത്രികൾ എന്നിവയുടെ നവീകരണത്തിനായി 1000 കോടി രൂപ കിഫ്ബിയിൽ നിന്നും അനുവദിക്കുന്നതിനായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഭരണവകുപ്പ് കിഫ്ബിയിൽ സമർപ്പിച്ച പദ്ധതികളിൽ 8.8.2016 ലെ സ.ഉ.(കൈ)നം 315/16/ധന ഉത്തരവിലെ മാനദണ്ഡങ്ങൾ പ്രകാരം യോഗ്യമായ പദ്ധതികൾ കിഫ് ബോർഡിനു മുമ്പാകെ സമർപ്പിക്കുകയും തിരുവനന്തപുരം - കോഴിക്കോട് ജില്ലകളിലെ മാനസികാരോഗ്യ ആശുപത്രി, കൊച്ചിൻ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യ വികസനവും, കാത്ത്-ലാബുകളും (Cath Labs) എന്ന പ്രധാന പദ്ധതിയിൻ കീഴിൽ ആവശ്യമുള്ള ജനറൽ ആശുപത്രികളിൽ കാത്ത് ലാബുകളും താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകളും സ്ഥാപിക്കുന്ന പദ്ധതികൾ കിഫ്ബോർഡിന്റെ 27 -ാം ബോർഡ് യോഗം അംഗീകരിക്കുകയും എറണാകുളം ജനറൽ ആശുപത്രി, കണ്ണൂർ ജില്ലാ ആശുപത്രി, പുനലൂർ താലൂക്ക് ആശുപത്രി എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായും അംഗീകാരം നൽകിയിട്ടുണ്ട്. ഇവയുടെ നിലവിലെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

| | |
|---|---|
| (ബി) മേല്പറഞ്ഞ ആശുപത്രികളിൽ ഏതൊക്കെ തരത്തിലുള്ള ഭൗതീക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാണ് പ്രസ്തുത തുക അനുവദിക്കുന്നത്; വിശദാംശം നൽകുമോ? | പൊതു ആരോഗ്യ സൗകര്യങ്ങൾ സ്വകാര്യ മേഖലയേക്കാൾ മെച്ചപ്പെടുത്തുന്നതിനായി 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രകാരം ജില്ലാ, താലൂക്ക്, ജനറൽ ആശുപത്രികളിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1.ഓരോ ആശുപത്രിയും പ്രത്യേകം പരിശോധിച്ച് വേണ്ടുന്ന കെട്ടിട സൗകര്യങ്ങൾ, മേജർ ആശുപത്രി ഉപകരണങ്ങൾ തുടങ്ങിയ സംബന്ധിച്ച പ്ലാൻ തയ്യാറാക്കി മെയിന്റനൻസ് ചുമതലയോടു കൂടി പദ്ധതി നിർവ്വഹണ ഏജൻസിയിലൂടെ നടപ്പാക്കുക.<br>2.ജനറൽ ആശുപത്രകളിൽ കാത്ത് ലാബുകൾ<br>3.താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ<br>4.മലബാർ കാൻസർ സെന്റർ, കൊച്ചിൻ കാൻസർ സെന്റർ, തിരുവനന്തപുരം മാനസികരോഗാശുപത്രി തുടങ്ങിയ ആശുപത്രികളിൽ പശ്ചാത്തല സൗകര്യം ഒരുക്കുക<br>5.കോഴിക്കോട് മാനസികാരോഗ്യ ആശുപത്രിയിലെ പ്രത്യേക വിപുലീകരണം.<br>6.തലശ്ശേരി വുമൺ & ചൈൽഡ് ആശുപത്രി ആരംഭിക്കുക<br>7.രോഗ പ്രതിരോധത്തിന്റെയും സാന്ത്വന പരിചരണത്തിന്റെയും സംവിധാനങ്ങൾ ശക്തിപ്പെടുത്തുക തുടങ്ങിയവ. |

**സെക്ഷൻ ഓഫീസർ**

Annexure-I

| Sl. No. | Main Project Name | Sub Project Name | Poject Outlay (Rs. In Crore) | SPV Name | Current Status |
|---|---|---|---|---|---|
| 1 | Cath Labs, Basic Infrastructure in MCC, KCC, MHH Thiruvananthapuram, Kozhikode (100) | Setting up of Cathlab & CCU | 80.00 | Kerala Medical Services Corporation Limited (KMSCL) | Supply order issued for 10 Cathlab and ancillary equipments. Site visit by KMSCL Engineers and verification of estimate for turnkey work progressing. |
| 2 | Cath Labs, Basic Infrastructure in MCC, KCC, MHH Thiruvananthapuram, Kozhikode (100) | Setting up of Dialysis Centres | 69.00 | Kerala Medical Services Corporation Limited (KMSCL) | Technical sanction and work order issued for 26 locations. The SPV will procure equipments on completion of civil works |
| 3 | Cath Labs, Basic Infrastructure in MCC, KCC, MHH Thiruvananthapuram, Kozhikode (100) | General Hospital Emakulam-Construction of Super Specialty Block & Infrastructure and service Up-gradation | 61.00 | Industries Kerala Ltd. (INKEL) | On satisfactory compliance of KIIFB stipulations sanction order to commence the work will be issued |
| 4 | Cath Labs, Basic Infrastructure in MCC, KCC, MHH Thiruvananthapuram, Kozhikode (100) | Kannur District Hospital-Construction of Speciality Block and Renovation and upgradation of existing Infrastructure | 56.00 | Bharat Sanchar Nigam Ltd (BSNL) | On satisfactory compliance of KIIFB stipulations sanction order to commence the work will be issued |
| 5 | Cath Labs, Basic Infrastructure in MCC, KCC, MHH Thiruvananthapuram, Kozhikode (100) | Punalur Taluk Hospital-Construction of New Block and Augmenting Basic Infrastructure | 61.00 | Industries Kerala Ltd. (INKEL) | On satisfactory compliance of KIIFB stipulations sanction order to commence the work will be issued |